ഈ ന്യായവിധിയിൽ നിന്ന് രക്ഷപ്പെടുവാൻ നാം ഓരോരുത്തരും ദൈവ ത്തിലേക്ക് തിരിയേണ്ടത് ആവശ്യമാകുന്നു.

***"സകല ഭൂവാസികളുമേ എന്നിലേക്ക് തിരിഞ്ഞ് രക്ഷിക്കപ്പെടുവിൻ, ഞാനല്ലാതെ വേറൊരു ദൈവം ഇല്ലല്ലോ. യെശ.45:22"***

മനുഷ്യകുലത്തിന്റെ പാപങ്ങൾക്ക് പരിഹാരകനായി ലോകത്തിൽ വന്ന് നമ്മുടെ എല്ലാം പാപങ്ങളെ ഏറ്റെടുത്ത് കാൽവരി ക്രൂശിൽ യാഗമായി തീർന്ന യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ഏതൊരു വ്യക്തിക്കും നിത്യജീവൻ പ്രാപിപ്പാൻ കഴിയും. രക്ഷയുടെ ഏറ്റവും വലിയ അനുഗ്രഹം നിത്യതയിൽ ദൈവത്തോടുകൂടെ നിത്യമായി വസിക്കാം എന്നതാണ്.

## അതിന് ഞാൻ എന്ത് ചെയ്യണം?

യേശുക്രിസ്തു എന്റെ പാപത്തിന് പരിഹാരകനായിട്ടാണ് ക്രൂശിൽ മരിച്ചതെന്ന് ഹൃദയപൂർവ്വം വിശ്വസിച്ച് പാപങ്ങളെ ഏറ്റു പറഞ്ഞ് യേശുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുന്നവരുടെ ഉള്ളത്തിൽ കർത്താവ് വരുകയും നാം രക്ഷ പ്രാപിച്ച് നിത്യതയ്ക്ക് അവകാശിയായി തീരുകയും ചെയ്യുന്നു. ***"കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. അപ്പോ.16:31"***

***"മറ്റൊരുവനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. അപ്പോ.4:12"***

***പ്രിയ സ്നേഹിത താങ്കൾ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നുവോ എങ്കിൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നിങ്ങൾക്കും നിത്യരക്ഷ കരസ്ഥമാക്കാം. ഇന്നു തന്നെ യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിക്കു.***


- - - - - - - - - - - *കൂടുതൽ വിവരങ്ങൾക്ക്:-* - - - - - - - - - - -

**മലങ്കര ക്രിസ്ത്യൻ ചർച്ച്, രാമമംഗലം**

**9846616536**


---

**ലഹരി വിമോചനം ആഗ്രഹിക്കുന്നവർ**

**ദയവായി ഈ നമ്പറിൽ വിളിക്കുക.**

**6235209502**



# എന്നെ നിങ്ങൾ ആരെന്ന് പറയുന്നു?

ലോകത്ത് എക്കാലത്തും എപ്പോഴും ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നതും പ്രസംഗിക്കപ്പെടുന്നതും വിമർശിക്കപ്പെടുന്നതുമായ ഏക വ്യക്തി യേശുക്രിസ്തു മാത്രമാണ്. ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരോടായി ഇപ്രകാരം ചോദിക്കുകയുണ്ടായി. ജനങ്ങൾ എന്നെ ആരെന്ന് പറയുന്നു എന്ന് ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റുചിലർ ഏലിയാവ് എന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുവനോ എന്നും പറയുന്നു എന്ന് അവർ പറഞ്ഞു. നിങ്ങളോ എന്നെ ആരെന്നു പറയുന്നു എന്ന് അവൻ ചോദിച്ചതിന് ശിമോൻ പത്രോസ് ***നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു. മത്താ. 16:14-17***

ഇന്നും ലോകമനുഷ്യർ യേശുവിനെ ആത്മീയ ഗുരുവായും, പ്രവാചകനായും കണക്കാക്കി തള്ളികളയുന്നത് നമുക്ക് കാണുവാൻ കഴിയും. യേശുക്രിസ്തു ആരാണ് എന്ന് സമൂഹത്തിൽ ഭൂരിപക്ഷത്തിനും ക്രിസ്തീയ സമുദായങ്ങളിലുള്ളവർക്ക് പോലും മനസ്സിലാകാത്ത വസ്തുതയാണ്. യേശു എന്തിന് ഭൂമിയിൽ വന്നു എന്നതിനെപ്പറ്റിയും അറിവില്ലാതെ കിടക്കുന്നു.

അനേകർ യേശുവിനെ സാമ്പത്തികനേട്ടത്തിനും കടഭാരങ്ങൾ മാറുന്നതിനുള്ള ഉപാധിയായി പ്രസംഗിക്കപ്പെടുന്നതു കാണാം. ചിലർക്ക് ഡിസംബർ മാസത്തിൽ പിറന്നാൾ ആഘോഷിക്കാനും ഈസ്റ്റർ ആച

രിക്കാനും ഉള്ള ഒരു അവസരം മാത്രമായി കാണുന്നു.

ഇങ്ങനെയുള്ള ആവശ്യങ്ങൾക്ക് വേണ്ടിയാണോ യേശു ഭൂമിയിലേക്ക് വന്നത്. യേശുക്രിസ്തു ആരെന്നും എന്തിനുവേണ്ടി ഈ ലോകത്തിൽ വന്നു എന്നതും എല്ലാവരും ഒരുപോല അറിഞ്ഞിരിക്കേണ്ടത് വളരെ പ്രസക്തിയുള്ള വിഷയമാണ്. എന്താണ് സത്യബൈബിൾ യേശുവിനെ കുറിച്ച് എന്ത് പറയുന്നു എന്നു നോക്കാം.

“യേശുവിന്റെ ജനനത്തെക്കുറിച്ച് വേദപുസ്തകം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

***“അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാൻ ഇരിക്കകൊണ്ട് അവന് യേശു എന്ന് പേർ ഇടണം. മത്താ. 1:21”***

യേശുവിന്റെ ഭൂമിയിലേക്കുള്ള വരവിന്റെ ഏറ്റവും പ്രാധാന്യമേറിയ ദൗത്യം എന്നത് തന്റെ സൃഷ്ടിയായ മനുഷ്യവർഗത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുക എന്നതായിരുന്നു. പാപത്തിന്റെ ശമ്പളം മരണം എന്ന വ്യവസ്ഥയിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കുവാൻ ദൈവത്തിന് കരുണ തോന്നി.

***“മനുഷ്യർ ജഢരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും ജഢരക്തങ്ങളോട് കൂടിയവനായി വന്ന് മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയെല്ലാം രക്ഷിച്ചു. എബ്രാ. 2:14-15”***

പാപമില്ലാത്തവനായ യേശു പാപികളായ നമുക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുവാൻ തയ്യാറായി.

***“1.യോഹ.3:5 - പാപങ്ങളെ നീക്കുവാൻ അവൻ വന്നു എന്ന് നാം അറിയുന്നു. അവനിൽ പാപം ഇല്ല.”***

***“1.യോഹ.2:2 - അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിന് മാത്രമല്ല സർവ്വലോകത്തിന്റെയും പാപത്തിനും തന്നെ.***

നമ്മുടെ പാപത്തിന് നീക്കം വരുത്തി നമുക്ക് നിത്യത നൽകുവാൻ കഴിയുന്ന ഒരുവനേ ഉള്ളു അത് യേശുക്രിസ്തു മാത്രമാണ്.

**കാരണം അവൻ ദൈവമാണ്.**

***ഫിലി. 2:6 - അവൻ ദൈവമായിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്ന് വിചാരിക്കാതെ മനുഷ്യരൂപം എടുത്ത് ഈ ഭൂമിയിലേക്ക് വരുവാൻ മനസ്സു കാണിച്ചു.***

***“ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വസിക്കത്തക്കതും എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വചനം തന്നെ. 1.തിമോ,1:15”***

പാപം ചെയ്ത് ദൈവത്തിൽ നിന്നകന്ന് നിത്യനരക ശിക്ഷക്ക് വിധിക്കപ്പെട്ട മാനവകുലത്തെ നാശത്തിൽ നിന്നും വീണ്ടെടുത്ത് ദൈവത്തോടുള്ള വാസത്തിന് ഒരുക്കുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി. ***“യേശുവിലുള്ള വിശ്വാസത്താൽ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസരായി തീരുമ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനും ആകുന്നു. റോമ 6:22”***

മനുഷ്യന് ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടി യേശു ചെയ്ത പ്രവൃത്തി എല്ലാവരുടേയും പാപത്തെ താൻ ഏറ്റെടുക്കുവാൻ തയ്യാറായി എന്നതാണ്.

***“നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ട് ക്രൂശിന്മേൽ കയറി. 1.പത്രോ.2:24”***

***“ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിച്ചതിനാൽ ദൈവത്തിന് നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തി. റോമ. 5:8”***

“എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും കൃത്യം അവന്റേമേൽ ചുമത്തി.”

***“പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി. 2.കൊരി.5:21”***

ഈ വാക്യങ്ങളിലൂടെയെല്ലാം ദൈവം നമുക്കുവേണ്ടി സൗജന്യമായി ഒരുക്കിയിരിക്കുന്ന രക്ഷ എത്ര വലിയതും വിലയേറിയതുമാണെന്ന് നമുക്ക് മനസിലാക്കുവാൻ കഴിയും.

**എന്താണ് രക്ഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?**

മരണാനന്തരം ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും വിടുവിക്കപ്പെട്ട് നിത്യജീവനിലേക്ക് പ്രവേശിക്കുന്നതിനേയാണ് രക്ഷ എന്ന് പറയുന്നത്. രക്ഷ പാപത്തിൽ നിന്നുള്ള മോചനമാണ്. പാപത്തിന്റെ ശിക്ഷയാകുന്ന നിത്യമരണത്തിൽ നിന്നുള്ള വിടുതലാണ് രക്ഷ എന്ന് പറയുന്നത്.

***“ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു. എബ്രാ. 9:27”***